# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1819 18.06.2012 -ൽ മറുപടിയ്ക്ക്**

**<u>മൊയാരത്ത് ശങ്കരൻ കൊലക്കേസ്</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ പുരുഷൻ കടലുണ്ടി : | | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) കോൺഗ്രസിന്റെ ചരിത്രം എഴുതിയ മൊയാരത്ത് ശങ്കരൻ കൊലചെയ്യപ്പെടുക യുണ്ടായോ ; | (എ) | മൊയാരത്ത് ശങ്കരൻ എന്നയാൾ 1948 മേയ് 11-ന് വൈകിട്ട് ഇടക്കാട് റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി ഭാര്യവീട്ടിലേയ്ക്ക് നടന്നു പോകവേ ഇടക്കാട് പോലീസ് അറസ്റ്റ് ചെയ്ത് 12.05.1948 - ന് കോടതിയിൽ ഹാജരാക്കുകയും അന്ന് വൈകിട്ട് കണ്ണൂർ സെൻട്രൽ ജയിലിലേയ്ക്ക് അയക്കുകയും വൈകുന്നേരം ജയിലിൽ വെച്ച് ദുരൂഹ സാഹചര്യത്തിൽ മരണമടയുകയും ചെയ്യുകയുണ്ടായി. |
| ബി) എങ്കിൽ പ്രതികൾ ആരൊക്കെയാണെന്ന് വിശദമാക്കാമോ; പ്രതികൾക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയുമായി ബന്ധമുണ്ടായിരുന്നോ ;<br><br>സി) പ്രസ്തുത കേസിന്റെ എഫ്.ഐ.ആർ - ന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി&സി) | പ്രസ്തുത കേസ് 1948 - ൽ രജിസ്റ്റർ ചെയ്തതാണ്. പരിശോധനയിൽ എഫ്.ഐ.ആറോ അനുബന്ധ രേഖകളോ കണ്ടെടുക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ പ്രതികൾ ആരൊക്കെയാണെന്നോ, അവരുടെ രാഷ്ട്രീയ ബന്ധം എന്താണെന്നോ ഉള്ള വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ